വീതവും ഡി. പി. ഇ. പി. ഇതര ജില്ലകളിലെ തെരഞ്ഞെടുത്ത രണ്ട് പഞ്ചായത്തുകളിലെ മുഴുവൻ സ്കൂളുകളിലെ 4-ാം ക്ലാസ്സിലേക്കും എൻ.സി.ഇ.ആർ.ടി. മുഖേന ഈ പഠനരീതി വ്യാപിപ്പിച്ചിരിക്കുകയാണ്.

ബ്ലോക്ക് പഞ്ചായത്തുകളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി

7 (*97) ശ്രീമതി രാധാരാഘവൻ :

ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തനം നടത്തിയ എത്ര ബ്ലോക്ക് പഞ്ചായത്തുകൾ 1999-2000-ൽ ഉണ്ടായിരുന്നു ;

(ബി) ഇവയ്ക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകാനുള്ള കാരണമെന്താണ് ;

(സി) ജീവനക്കാർക്ക് 1999-2000-ലെ ഏതെങ്കിലും മാസത്തെ ശമ്പളം നിർദ്ദിഷ്ട തീയതികളിൽ നൽകാൻ കഴിയാത്ത എത്ര ബ്ലോക്ക് പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട് ;

(ഡി) ഇത്തരം ബ്ലോക്ക് പഞ്ചായത്തുകളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തു നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്ന വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രതിസന്ധി ഉണ്ടായിട്ടില്ല. എന്നാൽ ഭരണ ചെലവുകളുടെ കാര്യത്തിൽ ചില ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ട്.

(ബി) അംഗങ്ങളുടെ ഓണറേറിയം അലവൻസുകൾ ജീവനക്കാരുടെ ശമ്പളം എന്നിവയിൽ ഉണ്ടായ വർദ്ധനവ് ആണ് പ്രതിസന്ധിക്ക് കാരണം.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നിലവിലുള്ള അലോട്ട്മെന്റ് മാനദണ്ഡങ്ങൾ പുതുക്കി, അനുവദനീയമായ ആവശ്യങ്ങൾക്ക് യഥാർത്ഥത്തിൽ വേണ്ടിവരുന്ന തുക നൽകുന്നതിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കാൻ ധനകാര്യ കമ്മീഷനോട് ആവശ്യപ്പെടുന്നുണ്ട്.

പാഠപുസ്തകങ്ങളുടെ അച്ചടി

8 (*98) ശ്രീ. വി. കെ. ചന്ദ്രൻ :

ശ്രീ. എം. ദാസൻ :

ശ്രീ. സി. കെ. രാജേന്ദ്രൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പുതിയ അദ്ധ്യായന വർഷം സംസ്ഥാനത്ത് ഏതെല്ലാം ക്ലാസ്സുകളിലെ ഏതെല്ലാം പാഠപുസ്തകങ്ങൾ മാറ്റം വരുത്തിയിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടി ഇതിനകം പൂർത്തിയായിട്ടുണ്ടെന്നും ഏതൊക്കെ ഇനി പൂർത്തിയാക്കാനുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) അച്ചടി പൂർണ്ണമായും പൂർത്തിയാക്കി എന്നത്തേയ്ക്ക് പുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) 1999-2000 അദ്ധ്യായന വർഷത്തിൽ സംസ്ഥാനത്തെ കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിലെ ആറാം ക്ലാസ്സിൽ ഏർപ്പെടുത്തിയ പുതിയ പാഠപുസ്തകങ്ങൾ 2000-2001 അദ്ധ്യായന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ആറാം ക്ലാസ്സിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 2000-2001 അദ്ധ്യായന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഏഴാം ക്ലാസ്സിൽ ഉപപാഠപുസ്തകങ്ങൾ ഒഴിച്ചുള്ള എല്ലാ പാഠപുസ്തകങ്ങൾക്കും മാറ്റമുണ്ട്.

(ബി) പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിവരുന്നു. വളരെ കുറച്ചു പാഠപുസ്തകങ്ങൾ മാത്രമേ ഇനി അച്ചടിക്കാനുള്ളു. ചില പ്രസ്സുകൾ വരുത്തിയ കാലതാമസം കൊണ്ടാണ്.

(സി) 5,6,7,8 എന്നീ ക്ലാസ്സുകളിലെ ഏതാനും ചില പാഠപുസ്തകങ്ങൾ ഒഴിച്ച് മറ്റുള്ള എല്ലാ പാഠപുസ്തകങ്ങളുടേയും അച്ചടി പൂർത്തിയാക്കിയിട്ടുണ്ട്. 2 കോടി 45 ലക്ഷം പുസ്തകങ്ങൾ അച്ചടിച്ചു കഴിഞ്ഞു.

(ഡി) ജൂൺ മാസം അവസാനിക്കുന്നതിനു മുമ്പു എല്ലാ പാഠപുസ്തകങ്ങളുടേയും അച്ചടിയും വിതരണവും പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷനിലെ ജനകീയാസൂത്രണം

9(*99) ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷനിൽ ജനകീയാസൂത്രണം നടപ്പാക്കിയതിലുള്ള അഴിമതി സംബന്ധിച്ച കേസിൽ പദ്ധതിചെലവുകളുടെ

LIBRARY ARCHIVES Kerala Legislative Assembly